സംബന്ധിച്ച കോഴ്സുകളും ഗവേഷണ സൗകര്യങ്ങളും ഏർപ്പെടുത്തുക, ടൂറിംഗ് ടാക്കീസ് പരിപാടിയിലൂടെ നല്ല സിനിമകൾ പ്രചരിപ്പിക്കുക, ഫെലോഷിപ്പ്, സിനി കലാകാരന്മാർക്ക് പെൻഷനും ക്ഷേമ പദ്ധതികളും നടപ്പാക്കുക, എന്നിവയാണ് അക്കാഡമിയുടെ പ്രധാന പ്രവർത്ത മേഖലകൾ.

(ബി) മലയാള സിനിമയുടെ വിവിധ തലങ്ങളെ സ്പർശിക്കുന്ന പഠനങ്ങൾക്കായി തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് ഫെലോഷിപ്പുകൾ നൽകി വരുന്നു. ഓരോ വർഷവും ഇതിനായി അഞ്ച് പേരെ വീതം തെരഞ്ഞെടുക്കുന്നു. ഇതിനു പുറമേ അദ്ധ്യാപകർക്കും സ്കൂൾ കുട്ടികൾക്കും ചലച്ചിത്രാസ്വാദന കോഴ്സുകൾ പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നടത്തുന്നു.

(സി) അക്കാഡമിയുടെ നേതൃത്വത്തിൽ ചെറുതും വലുതുമായ സിനിമാ പഠന കോഴ്സുകൾ നടത്തുന്നതിനായുള്ള ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) കുട്ടികളുടെ സിനിമ നിർമ്മാണത്തിനും ഉദ്ഗ്രഥനത്തിനുമായി ഉപ ദേശങ്ങൾ നൽകുന്നതിനായി ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ആഡിയോവിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

29 (*569) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ്:
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ വർഷം എന്തൊക്കെ പുതിയ പദ്ധതികളാണ് ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇവിടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സുരക്ഷാ അച്ചടി യൂണിറ്റിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത് ;

(സി) ഈ യൂണിറ്റിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് എന്തൊക്കെ ആധുനിക യന്ത്രസാമഗ്രികളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി എന്തൊക്കെ വിദേശനിർമ്മിത ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് ;

(ഇ) ഈ യൂണിറ്റിന്റെ നിർമ്മാണത്തിനായി ആകെ എന്തു തുക ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇനിയും എന്തൊക്കെ സജ്ജീകരണങ്ങളാണ് ഇവിടെ ഏർപ്പെടുത്താനുള്ളത് ;

(ജി) ട്രഷറി, ബാങ്ക് എന്നിവയുടെ ചെക്ക് ലീഫുകൾപോലുള്ള സാമഗ്രികൾ അച്ചടിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(എച്ച്) ഈ വർഷം ഇവിടെ എത്രകോടി രൂപയുടെ എന്തൊക്കെ കരാറുകൾ ലഭിക്കുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെക്കൊടുത്തിരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദശിക്കുന്നത്,

1. മൾട്ടികളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുക ;
2. സെക്യൂരിറ്റി പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക ;
3. മാർക്കറ്റിംഗ് ആന്റ് സെയിൽസ് ഡിവിഷൻ ആരംഭിക്കുക ;
4. കമ്പ്യൂട്ടർ സ്റ്റേഷനറി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുക ;
5. ബ്രയിൽ പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക ;
6. ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക ;
7. വെബ് ഓഫ്സെറ്റ് മെഷീൻ മന്ദിരം നിർമ്മിക്കുക ;
8. വിവിധ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

(ബി) 28-8-2009-ലാണ് സുരക്ഷാ അച്ചടി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചത്.

(സി) ഒരു വിദേശ നിർമ്മിത മൾട്ടികളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീൻ ബാർകോഡ് ഉൾപ്പെടെയുള്ള നമ്പർ ഓരോ ഷീറ്റിലും വെവ്വേറെ അച്ചടിക്കുവാനുള്ള രണ്ട് വേരിയബിൾ ഡേറ്റാ പ്രിന്റർ, രണ്ട് പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ എന്നീ അത്യാധുനിക യന്ത്ര സാമഗ്രികളും ക്യാമറാ നിരീക്ഷണ സംവിധാനങ്ങളും ബയോമെട്രിക് പ്രവേശന നിയന്ത്രണ സംവിധാനങ്ങളും, സെക്യൂരിറ്റി പ്രിന്റിംഗ് യൂണിറ്റിനെ ഒരു മികവിന്റെ കേന്ദ്രമാക്കുന്നതിന് സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ജപ്പാൻ നിർമ്മിത മിത്സുബിഷി മൾട്ടികളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീൻ, ചൈനയിൽ നിർമ്മിച്ച സിറോക്സ് വേരിയബിൾ ഡേറ്റാ പ്രിന്റർ എന്നീ വിദേശ നിർമ്മിത ഉപകരണങ്ങൾ സ്റ്റോർപർച്ചേസ് നിയമപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി വാങ്ങിയിട്ടുണ്ട്.

(ഇ) ഈ യൂണിറ്റിന്റെ നിർമ്മാണത്തിനായി ആകെ 3,74,98,553 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രിന്റിംഗിന് ആവശ്യമായ പ്ളേറ്റ് എടുക്കുവാനുള്ള കമ്പ്യൂട്ടർ റ്റു പ്ളേറ്റ് (സി.ടി.പി) സംവിധാനവും ഒരു മൾട്ടികളർ വെബ് ഓഫ്സെറ്റ് മെഷീനും ഓട്ടോമാറ്റിക് ബൈൻഡിംഗ് ഫോൾഡിംഗ് സംവിധാനങ്ങളും ഉടനെ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ജി) ഇല്ല

(എച്ച്) സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ കൂടുതൽ സീരീസുകളുടെ പ്രിന്റിംഗും മറ്റ് സ്ഥാപനങ്ങളുടെ കൂടുതൽ അച്ചടി ജോലികളും ഈ വർഷം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതനുസരിച്ച് ഈ സാമ്പത്തിക വർഷം ഏകദേശം 45 കോടി രൂപയുടെ കരാറുകൾ ലഭ്യമാകുമെന്നാണ് കരുതുന്നത്.

ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം

30 (*570) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി സർവ്വകലാശാലകളിലെ പരീക്ഷാ വിഭാഗത്തിൽ എന്തൊക്കെ പരിഷ്ക്കാരങ്ങലാണ് നടപ്പിലാക്കേണ്ടത് ;

(ബി) ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായി സംസ്ഥാന തലത്തിൽ ഏകീകൃത സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സംവിധാനം മോണിറ്റർ ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) പരീക്ഷാ വിഭാഗം കമ്പ്യൂട്ടർവത്ക്കരിച്ചുകൊണ്ട് സമയബന്ധിതമായി പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും നടത്തുക, ജീവനക്കാർക്ക് പരിശീലനം നൽകുക തുടങ്ങിയ പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കേണ്ടത്.

(ബി) ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ ഭാഗമായി പരിക്ഷാ വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണത്തിന് കേരളാ, എം.ജി, കൊച്ചി ശാസ്ത്ര-സാങ്കേതിക, കണ്ണൂർ, കോഴിക്കോട് സർവ്വകലാശാലകൾക്ക് 2 കോടി രൂപയും ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് ഒരു കോടി രൂപയും നൽകാൻ ബജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ

LIBRARY ARCHIVES Kerala Legislative Assembly